## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3119 18.10.2016-ൽ മറുപടിയ്ക്ക്**

## പൂഞ്ഞാർ ജി.വി.രാജാ സ്പോർട്സ് കോംപ്ലക്സിനുള്ള ഫണ്ട്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റും കേരള സ്പോർട്സ് കൗൺസിലും സംയുക്തമായി പണി ആരംഭിച്ച പൂഞ്ഞാർ ജി.വി.രാജാ സ്പോർട്സ് കോംപ്ലക്സിന്റെ പണി ഫണ്ടിന്റെ അപര്യാപ്തതയാൽ 75% മാത്രം പൂർത്തിയായശേഷം പ്രവൃത്തി നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | (എ), (ബി) & (സി) | ഉണ്ട്. പൂഞ്ഞാർ ജി.വി.രാജ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഇതിനോടൊപ്പം പണി തുടങ്ങിയ ഇടുക്കി, പാലാ മുതലായ സ്ഥലത്തെ സ്പോർട്സുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അഡീഷണൽ ഫണ്ട് നൽകിയപ്പോൾ ജി.വി.രാജാ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന് മാത്രം ഫണ്ട് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിവേചനത്തിന്റെ കാരണം വിശദമാക്കുമോ ; | | |
| (സി) ജി.ഒ.(ആർ.റ്റി)67/12/S&YA 19.03.2012 പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തി ഇപ്പോൾ ഫണ്ടിന്റെ അഭാവം മൂലം നിലച്ചിരിക്കുന്നതിനാൽ പൂഞ്ഞാർ എസ്.എൻ.വി.എച്ച്.എസ് സ്കൂളിലെ 1500 ഓളം വിദ്യാർത്ഥികൾക്കും ജി.വി.രാജാ മെമ്മോറിയൽ സ്പോർട്സ് ക്ലബ്ബ്, | | |

എ.റ്റി.എം, ലൈബ്രറി, ഗവൺമെന്റ്
എൽ.പി.സ്കൂൾ എന്നിവ
ഉൾപ്പെടെ നിരവധി
സ്ഥാപനങ്ങളിലെ
കായികതാരങ്ങൾക്കും
കായികവിനോദങ്ങളിൽ
ഏർപ്പെടുവാൻ കഴിയാത്ത
സാഹചര്യം
ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ
ഈ പ്രവൃത്തി പൂർത്തീകരിക്കുവാൻ
ആവശ്യമായ ഫണ്ട്
അടിയന്തിരമായി ലഭ്യമാക്കുമോ ;
വിശദീകരിക്കുമോ ?

Manj M
സെക്ഷൻ ഓഫീസർ